**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 80** **29-08-2022 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കുടിവെള്ളപദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന വിവിധ നടപടികൾ അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) | പൂർത്തീകരിച്ച പദ്ധതികൾ മുഖേനയുള്ള കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണമേന്മയും ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | പൂർത്തീകരിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ നിന്നുള്ള ഗുണമേന്മയുള്ള ശുദ്ധജലം തടസ്സരഹിതമായി ലഭിക്കുന്നത് കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>• ജലലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ നിലവിലുള്ള പൈപ്പുകൾ അനുയോജ്യമായ രീതിയിൽ ദീർഘിപ്പിച്ചും പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ചും ജല ലഭ്യത ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുന്നു.<br>• പദ്ധതികളുടെ മെയിന്റനൻസ് വർക്കുകൾ സമയബന്ധിതമായി നടത്തിവരുന്നു.<br>• കൂടാതെ ജലശുദ്ധീകരണശാല, മോട്ടോർ പമ്പ് സെറ്റുകൾ, വിതരണശൃംഖലകൾ തുടങ്ങിയ ഘടകങ്ങളുടെശേഷി ഉറപ്പുവരുത്തുന്നുണ്ട്. വിതരണ ശൃംഖലകളിൽ വാൽവ് ക്രമീകരണം നടത്തിയും ജല ശുദ്ധീകരണ ശാലകളിലെ പമ്പിംഗ് ശേഷി പരമാവധി പ്രയോജനപ്പെടുത്തിയും കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നു.<br><br>സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ചുവടെ പരാമർശിച്ചിരിക്കുന്ന പദ്ധതികളാണ് നിലവിലുള്ളത്. |

- എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ച് വരുന്നു.
- പരിശോധനാ ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും, വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർക്ക് നിരീക്ഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും LIMS (Laboratory Information Management System) സോഫ്റ്റ് വെയർ ഉപയോഗിച്ച് വരുന്നുണ്ട്.
- സംസ്ഥാനത്തെ 14 ജില്ലാ ലാബുകൾ, ഒരു സ്റ്റേറ്റ് ലാബ്,67 സബ്ഡിവിഷണൽ ലാബുകൾ ഉൾപ്പെടെ 82 ലാബുകൾക്ക് NABLഅക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.
- സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും വർഷത്തിൽ രണ്ട് തവണ വീതം ഫീൽഡ് ടെസ്റ്റ് കിറ്റ് (Field Test Kit) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.

സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റിയുടെ ലാബുകൾ, പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ലാബ് എന്നിവ വഴി പൊതുജനങ്ങൾക്ക് ജല ഗുണനിലവാര പരിശോധന നടത്തുവാനുള്ള സൗകര്യം ലഭ്യമാണ്. മേൽ പറഞ്ഞ ലാബുകൾക്ക് പുറമേ CWRDM, RRL, CMFRI തുടങ്ങിയ ഏജൻസികൾക്കും ആധുനിക ഗുണനിലവാര ലാബുകൾ ഉണ്ട്. ഇതു കൂടാതെ നിരവധി NABL അംഗീകാരമുള്ള സ്വകാര്യ ലാബുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

പ്ലാന്റുകൾ, പമ്പിങ് സ്റ്റേഷനുകൾ വിതരണ ശൃംഖലയുടെ വിവിധ പോയിന്റുകൾ എന്നിവയിൽ നിന്നും നിശ്ചിത കാലയളവിൽ (അനുബന്ധം- 2 ആയി ചേർത്തിരിക്കുന്നു). ജല സാംപിളുകൾ ശേഖരിച്ച് ക്വാളിറ്റി കൺട്രോൾ ലാബുകളിൽ പരിശോധിക്കുകയും ഘടകങ്ങളുടെ അളവ് ഐഎസ് 10500-2012പ്രതിപാദിക്കുന്ന പ്രകാരമാണോ എന്നു പരിശോധിച്ച്, പരിശോധന ഫലം വേണ്ട നിർദേശങ്ങളോടെ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

എ) സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, ആർ.കെ.ഐ, നബാർഡ്, അമൃത്, ജൽ ജീവൻ മിഷൻ കൂടാതെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തികൾ എന്നിവ വഴി പുതിയ പദ്ധതികൾ ആവിഷ്കരിച്ചു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ബി) കുടിവെള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി യഥാസമയങ്ങളിൽ PASK software വഴി വിലയിരുത്താറുണ്ട്.

സി) പദ്ധതി നിർവ്വഹണത്തിൽ ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ നീക്കാനായി ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നുണ്ട്. മറ്റ് വകുപ്പുകളുടെ അനുമതി ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ മന്ത്രിതലത്തിലുൾപ്പെടെ യോഗങ്ങൾ വിളിച്ച് ഏകോപനം നടത്താറുണ്ട്.

ഡി) ജലവിതരണ പദ്ധതികളുടെ പൈപ്പ് ലൈനുകൾ ഇടുന്നതിനായി റോഡ് മുറിക്കുന്നതിനുള്ള അനുമതിക്കായി പൊതുമരാമത്ത് വകുപ്പിലെ ROW പോർട്ടൽ വഴി അപേക്ഷ നല്കി അനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. e-pmg,സുഗമ എന്നീ പോർട്ടലുകളുടെ സേവനവും ഉപയോഗപ്പെടുത്തി വരുന്നു.

ഇ) പ്രവൃത്തികളുടെ സ്ഥലമെടുപ്പ് ത്വരിതഗതിയിലാക്കുന്നതിന് കളക്ടറുടെ അദ്ധ്യക്ഷതയിൽ സമിതി നിലവിലുണ്ട്. പദ്ധതികളുടെ പൂർത്തീകരണത്തിനായി മാസാവലോകന യോഗങ്ങളും സംയുക്ത പരിശോധനയും നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

എഫ്) ജല ജീവൻ മിഷൻ പദ്ധതിയുടെ സമയ ബന്ധിതമായ പൂർത്തീകരണം ലക്ഷ്യമിട്ട് സംസ്ഥാന തലം മുതൽ ഗ്രാമതലം വരെ വിപുലമായ സംവിധാനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ സംവിധാനം വഴി പദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള വസ്തുതകൾ യഥാസമയം വിലയിരുത്തി പദ്ധതികൾ തടസ്സരഹിതമായി പുരോഗമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പദ്ധതി നിർവ്വഹണ പുരോഗതി യഥാസമയം കേരള വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. മുഖ്യമന്ത്രിയുടെ മുൻഗണന പദ്ധതികളിൽ ജലജീവൻ മിഷൻ പദ്ധതി ഉൾപ്പെടുത്തി അവലോകനം ചെയ്യുന്നുണ്ട്.

ജി) പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE Software-ൽ തയ്യാറാക്കി സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് PWD, റയിൽവേ എന്നീ ഡിപ്പാർട്ട്മെന്റുകളുടെ അനുമതി ലഭ്യമാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എച്ച്) പദ്ധതികളുടെ പൂർത്തീകരണത്തിനായി മാസാവലോകന യോഗങ്ങളും സംയുക്ത പരിശോധനയും നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

**അനുബന്ധം**–2

പദ്ധതികളുടെ ജനസംഖ്യ പ്രകാരമുള്ള വിഭജനവും സാമ്പിൾ ശേഖരണത്തിന്റെ ആവൃത്തിയും

| സ്കീം കാറ്റഗറി | സേവനം ലഭിക്കുന്ന ജനസംഖ്യ | ശേഖരണ മേൽനോട്ടവും/ നിരീക്ഷണവും | | |
|---|---|---|---|---|
| | | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കാറ്റഗറി A | ഒരു ലക്ഷത്തിനു മുകളിൽ | മാസത്തിൽ ഒരിക്കൽ | 2 മാസത്തിൽ ഒരിക്കൽ | 3 മാസത്തിൽ ഒരിക്കൽ |
| കാറ്റഗറി B | 50,000 ത്തിനു മുകളിൽ ഒരു ലക്ഷം വരെ | 2 മാസത്തിൽ ഒരിക്കൽ | 4 മാസത്തിൽ ഒരിക്കൽ | 6 മാസത്തിൽ ഒരിക്കൽ |
| കാറ്റഗറി C | 20,000 ത്തിനു മുകളിൽ 50,000 വരെ | 3 മാസത്തിൽ ഒരിക്കൽ | 6 മാസത്തിൽ ഒരിക്കൽ | പ്രത്യേക ക്രമത്തിലല്ലാതെ ആവശ്യാനുസരണം |
| കാറ്റഗറി D | 5,000 ത്തിനു മുകളിൽ 20,000 വരെ | 6 മാസത്തിൽ ഒരിക്കൽ | വർഷത്തിൽ ഒരിക്കൽ | പ്രത്യേക ക്രമത്തിലല്ലാതെ ആവശ്യാനുസരണം |
| കാറ്റഗറി E | 5,000 ത്തിനു താഴെ | വർഷത്തിൽ ഒരിക്കൽ | പ്രത്യേക ക്രമത്തിലല്ലാതെ പ്രശ്നമുണ്ടാകുമ്പോൾ ആവശ്യാനുസരണം | പ്രത്യേക ക്രമത്തിലല്ലാതെ ആവശ്യാനുസരണം |